**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **17-03-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ എവിടെയൊക്കെ പ്രവർത്തനസജ്ജമാക്കാനാണ് ആലോചിക്കുന്നതെന്നും പ്രസ്തുത നടപടികളിലെ പുരോഗതിയും അറിയിക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ട് പോകുന്നു. (1) ചുള്ളിമാന്നൂർ പെട്രോൾ പമ്പിന് സമീപം (2) പനവൂർ സബ് സെന്ററിനു സമീപം (3) നന്ദിയോട് മാർക്കറ്റിനു സമീപം (4) പാലോട് ഹോസ്പിറ്റൽ ജംഗ്ഷൻ പഴയ ബസ്സ്റ്റാന്റ് (5) ജവഹർ കോളനി (6) മാണിക്കൽ ശിവക്ഷേത്രത്തിനു സമീപം (7) ശാസ്താം കോവിലിന് സമീപം (8) കല്ലറ ബസ്സ്റ്റേഷനു സമീപം കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവ സ്ഥാപിക്കുന്നത്. ജൂലൈ 2022-ഓട് കൂടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെ. എസ്. ഇ. ബി ലിമിറ്റഡ് സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം തരത്തിലുള്ള വാഹനങ്ങൾക്കാണ് പ്രസ്തുത സ്റ്റേഷനുകളിൽ നിന്നും ചാർജ് ചെയ്യാൻ കഴിയുന്നതെന്ന് അറിയിക്കാമോ; | (ബി) | ഇരുചക്ര വാഹനങ്ങൾ, ഇലക്ട്രിക് ഓട്ടോ റിക്ഷകൾ എന്നിവയാണ് പ്രധാനമായും പ്രസ്തുത സ്റ്റേഷനുകളിൽ നിന്നും ചാർജ്ജ് ചെയ്യുന്നത്. |
| (സി) | ഈ സേവനം സൗജന്യമാണോ; അല്ലായെങ്കിൽ ചാർജിംഗ് നിരക്കുകൾ വിശദമാക്കാമോ? | (സി) | പോൾ മൗണ്ടഡ് സ്ലോ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ യൂണിറ്റിന് 9 രൂപ + GST എന്ന നിരക്കിൽ ആണ് ചാർജ്ജിംഗിന് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ